"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.986/2024/LSGD തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:- 1. സ.ഉ(കൈ) നം.250/2022/തസ്വഭവ, തീയതി 10.11.2022

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2024 ലെ LSGD/PD/69599/2023-DEF6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ അനുവദിച്ച് ആയതിൽ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. ഗ്രാമപഞ്ചായത്തുകളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ മികവുറ്റ പ്രവർത്തനം കാഴ്ച വയ്ക്കുന്നതായും, കൂടാതെ സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തി പഞ്ചായത്തിന് റിപ്പോർട്ട് ചെയ്യുകയും, തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതായും വ്യാപാര വ്യവസായ സ്ഥാപനങ്ങളിലും, മറ്റു സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുടർച്ചയായ പരിശോധനയും നിരീക്ഷണവും നടത്തുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുവെന്നും മാലിന്യമുക്ത നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിശോധനകൾ, തുടർനടപടികൾ, പരാതിയിന്മേലുള്ള അന്വേഷണങ്ങൾ എന്നിവയും, പാഴ് വസ്തു ശേഖരണവുമായി ബന്ധപ്പെട്ട യൂസർഫീ കളക്ഷൻ, ഹരിതകർമ്മ സേനയുടെ രജിസ്റ്റർ പരിശോധന തുടങ്ങി കൃത്യമായ മോണിറ്ററിംഗ് പഞ്ചായത്തുകളിൽ നടത്തുന്നതിനും ടിയാളുകളുടെ സേവനം ആവശ്യമാണെന്നും ആയതിനാൽ നിലവിലുള്ളവരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും പെർഫോർമൻസ് വിലയിരുത്തി വേണമെങ്കിൽ അവരെ തന്നെ നിയമിക്കാവുന്നതും അല്ലാത്ത പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് പുതിയ നിയമനം നടത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാവുന്നതാണെന്നും പരാമർ ശം (2) പ്രകാരം തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം(1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകളിൽ നിലവിൽ സേവനത്തിലിരിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ടി ഉത്തരവിലെ അനുബന്ധം II 2(ഇ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി. ടിയാളുകളുടെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒരുവർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനും. അല്ലാത്ത പക്ഷം നടപടിക്രമങ്ങൾ പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
8. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ. (30/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻപ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 07-06-2024 10:51:41